Lalith Babu

**ഫയലുകൾ മാത്രമല്ല ഓഫീസിൽ ലഭ്യമായ ഏതു രൂപത്തിലുള്ള ഏതു വസ്തുവും (any material in any form) "വിവരം" എന്നതിന്റെ പരിധിയിൽപ്പെടുന്നതാണ്**

3. ഒരു പൊതു സ്ഥാപനത്തിൽ ലഭ്യമായ ഏത് രൂപത്തിലുള്ള ഏത് വസ്തുവും വിവരാവകാശ നിയമം 2 (എഫ്) വകുപ്പ് പ്രകാരം വിവരത്തിന്റെ പരിധിയിൽപ്പെടുന്നതാണ്. പരാതിക്കാരൻ ആവശ്യപ്പെട്ടത് ആലപ്പുഴ ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിൽ ലഭ്യമായ ചില രേഖകളുടെ പകർപ്പാണെന്ന് കമ്മിഷൻ നിരീക്ഷിക്കുകയുണ്ടായി. ഈ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭിക്കുവാൻ വിവരാവകാശ നിയമപ്രകാരം പൗരൻമാർക്ക് അവകാശമുള്ളതാണ്. പരാതിക്കാരൻ 25.5.2009 തീയതി വച്ച് സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട citation-നുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് പരാതിക്കാരന് നൽകുവാൻ 25.6.2010-ന് നടന്ന ഹിയറിംഗിൽ എതൃകക്ഷിക്ക് കമ്മിഷൻ നിർദ്ദേശം നൽകുകയുണ്ടായി.

4. 25.6.2010-ന് നടന്ന ഹിയറിംഗിൽ എതൃകക്ഷിക്ക് നൽകിയ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പരാതിയിൽ മേൽനടപടി അവസാനിപ്പിച്ച് കമ്മിഷൻ ഇതിനാൽ ഉത്തരവാകുന്നു. കമ്മിഷൻ നിർദ്ദേശങ്ങൾ നടപ്പിലാക്കിയത് സംബന്ധിച്ച നടപടി റിപ്പോർട്ട് എതൃകക്ഷി ഈ ഉത്തരവിന്റെ പകർപ്പ് കൈപ്പറ്റി 7 ദിവസത്തിനുള്ളിൽ കമ്മിഷൻ മുൻപാകെ സമർപ്പിക്കേണ്ടതാണ്.

പരാതി ഇപ്രകാരം തീർപ്പാക്കി ഇന്നേ ദിവസം 2010 ആഗസ്റ്റ് മാസം 31-ാം തീയതി കമ്മിഷൻ ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.